1

# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 286* 23.3.2015-ൽ മറുപടിയ്ക്ക്**

**മുട്ട,പാൽ,മാംസം ഉൽപാദനത്തിൽ സ്വയം പര്യാപ്തത**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.റ്റി.യു.കുരുവിള | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) മുട്ട ,പാൽ,മാംസം എന്നിവയുടെ ഉൽപാദനത്തിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ എന്തെന്ന് വ്യക്തമാക്കമോ ; | എ) മുട്ടയുടെ ഉൽപാദനത്തിൽ 2013-14 -ൽ 2012-13 നെ അപേക്ഷിച്ച് 10.69% വർദ്ധനവും, മാംസത്തിന്റെ ഉൽപ്പാദനത്തിൽ 3.76% വർദ്ധനവും ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് പാലുല്പാദനം 2010-2011-ൽ 26.43 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2013-14 ആയപ്പോഴേയ്ക്കും 29.03 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്.<br><br>മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ മാംസോൽപാദനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 44.46% വർദ്ധന കൈവരിച്ചു.<br>സംസ്ഥാനത്ത് മുട്ട,കോഴിയിറച്ചി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടു കൂടി സർക്കാർ പൊതുമേഖലാസ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2015 ജനുവരി വരെ ഏകദേശം 45 കോടി മുട്ട അധികമായി |

ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഈ കാലയളവിൽ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ 2339 ടൺ കോഴിയിറച്ചി ഉല്പാദിപ്പിച്ചിട്ടുണ്ട്.
മിൽമയുടെ പ്രതിദിന ആഭ്യന്തര സംഭരണം കഴിഞ്ഞ വർഷം 9.41 ലക്ഷം ലിറ്റർ ആയിരുന്നത് ഇപ്പോൾ 10 ലക്ഷം ലിറ്റർ ആയി വർദ്ധിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | ഇവയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സ്വീകരിച്ചു വരുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയാണ്; | ബി) | മുട്ട , പാ ൽ, മാംസം എ ന്നിവയുടെ ആഭ്യന്തരോ ൽപ്പാദനം വർദ്ധിപ്പിക്കു ന്ന തിനും ഘട്ടം ഘട്ടമായി സ്വയം പര്യാപ്തത കൈവരിക്കു ന്ന തിനും ലക്ഷ്യമിട്ട് ഈ സർക്കാർ പല പദ്ധതികൾ നടപ്പിലാക്കിവരു ന്നു |

1. ശാസ്ത്രീയ രീതിയി ൽ ക ന്നുകുട്ടി പരിപാലനപദ്ധതി
2. ഗോവർദ്ധിനി
3. 13-ാം ധനകാര്യ കമ്മീഷൻ
4. സൗജന്യ നിരക്കി ൽ കൃത്രിമ ബീജധാനം
5. കറവപ്പശുക്കൾക്ക് വിരമരു ന്നു നൽകൽ
6. സൗജന്യ നിരക്കി ൽ ധാതുലവണമിശ്രിതം
7. എരുമവളർത്തൽ പ്രോ ൽസാഹന പദ്ധതി
8. അകിടു രോഗനിയന്ത്രണ പദ്ധതി
9. മൃഗാരോഗ്യ ക്യാമ്പുകൾ
10. രാത്രികാല അടിയന്തിര മൃഗചികി ൽസാ സേവനം
11. പ്രധാന രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്പ്.
12. സാറ്റലൈറ്റ് ബ്രീഡിംഗ് യൂണിറ്റുകൾ
13. ബാക്ക്യാർഡ് താറാവു വളർത്തൽ
14. സ്ക്കൂൾ കുട്ടികൾക്ക് കോഴികളെ വിതരണം ചെയ്യു ന്ന പദ്ധതി
15. എം. പി.ഐ. , കേരളാ ഫീഡ്സ് എ ന്നിവയിലൂടെ ഗുണനിലവാരമുള്ള കാലിത്തീറ്റ

നിർമ്മാണ ഫാക്ടറികൾ സ്ഥാപിക്കൽ

16. കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന ബാക്ക്യാർഡ് കോഴിവളർത്തൽ, നഗരങ്ങളിൽ കൂടുകളിൽ കോഴിവളർത്തൽ

17. ബ്രഹ്മഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ കീഴിൽ സുൽത്താൻബത്തേരിയിൽ ആധുനിക അറവുശാല

18. മാംസോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വാണിജ്യാടിസ്ഥാനത്തിൽ പരിശീലനം

19. പട്ടികജാതി വകുപ്പിലൂടെ പട്ടികജാതി ഗുണഭോക്താക്കൾക്ക് പശുവിനെ നൽകുന്ന പദ്ധതി

20. ആർ.കെ വി.വൈ

21. കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ്

പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് ക്ഷീരവികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളാണ് മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി എന്നിവ. പ്രസ്തുത പദ്ധതികൾ നടപ്പാക്കിയതിലൂടെ സംസ്ഥാനത്ത് കാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും, തീറ്റപ്പുൽകൃഷിക്ക് ധനസഹായം നൽകുന്നതിലൂടെ തീറ്റച്ചെലവ് കുറയ്ക്കുകയും, അതുവഴി പാലുല്പാദനം ലാഭകരമായ ഒരുപാധിയായി മാറ്റുന്നതിന് സാധിച്ചിട്ടുണ്ട്.

അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ആർ.കെ.വി.വൈ തുടങ്ങിയവയുടെ കീഴിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ

പദ്ധതികൾ ആവിഷ്കരിച്ചു. ആധുനികവൽക്കരണത്തിലൂടെ ഉൽപാദനം വർദ്ധിപ്പിച്ചും മാംസോൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. കൂടാതെ പ്രതിദിനം 200 മാടുകളെയും പന്നികളെയും സംസ്കരിക്കുന്നതിനുള്ള പദ്ധതി ഇടയാറിൽ പൂർത്തിയായി വരുന്നു. ചാലക്കുടിയിലും മുണ്ടയാടും ഓരോ പുതിയ പ്ലാന്റും സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്

സംസ്ഥാനത്ത് മുട്ട കോഴിയിറച്ചി എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടു കൂടി കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

1.ഗ്രാമം നിറയെ കോഴികൾ
2.കോഴി വളർത്തൽ ഗ്രാമങ്ങൾ
3.കെപ്കോ ആശ്രയ
4.നഗരപ്രിയ
5.കെപ്കോ ഗ്രാമം
6.കുഞ്ഞുകൈകളിൽ കോഴികുഞ്ഞ്
7.ഗ്രാമീണ മേഖലയിലെ കോഴിവളർത്തൽ പദ്ധതി

മേൽപ്പറഞ്ഞ പദ്ധതികൾക്ക് പുറമേ ഒരു ലക്ഷം മുട്ടക്കോഴികളെ വളർത്താൻ ശേഷിയുള്ള ഒരു ഹൈടെക് മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തിരുവനന്തപുരം ജില്ലയിലെ കടപ്പനക്കുന്നിൽ ആരംഭിച്ചു കഴിഞ്ഞു. കോഴിയിറച്ചിയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത

കൈവരിക്കുക എന്ന ലക്ഷ്യത്തോടെ പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് ഇന്റഗ്രേഷൻ കോഴി വളർത്തൽ പദ്ധതി. ഇതിന് പുറമേ കാസർഗോഡ് ജില്ലയിലെ കരിന്തളം പഞ്ചായത്തിൽ തുടങ്ങുന്ന ആധുനിക ഇറച്ചിക്കോഴി ബ്രീഡർ ഫാമിന്റെ സ്ഥാപന പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് സംഭരിക്കുന്ന പാലിന് ന്യായവില നൽകുന്നതിനു വേണ്ടി മിൽമയുടെ ഭരണസമിതി കാലാകാലങ്ങളിൽ പാൽ ഉൽപാദന ചെലവും മറ്റും പരിഗണിച്ച് ന്യായമായ വില നിശ്ചയിക്കുന്നുണ്ട്. മിൽമയുടെ ആഭ്യന്തര സംഭരണം വർദ്ധിപ്പിക്കുന്നതിന് മിൽമയുടെ മൂന്ന് മേഖലാ യൂണിയനുകളും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. അതിലേക്ക് കേന്ദ്ര സർക്കാറിന്റെയും സംസ്ഥാന സർക്കാറിന്റേയും പദ്ധതി വിഹിതങ്ങൾ ഉപയോഗിക്കുന്നതോടൊപ്പം മിൽമയുടെ സ്വന്തം ഫണ്ടും ഉപയോഗിക്കുന്നുണ്ട്. കൂടുതൽ ഗ്രാമപ്രദേശങ്ങളിൽ മിൽക്ക് സൊസൈറ്റികൾ രൂപീകരിക്കുക, കാലികൾക്കുള്ള റേഷൻ ബാലൻസിംഗ് സമ്പ്രദായം നടപ്പിലാക്കുക വഴി ഉൽപാദന ചെലവ് കുറയ്ക്കുക എന്നിവ വഴി പാൽ സംഭരണം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ വിതരണം ചെയ്യുന്ന കാലിത്തീറ്റയിൽ സബ്സിഡികളും നൽകി വരുന്നുണ്ട്. കൂടുതൽ ആൾക്കാരെ ക്ഷീരമേഖലയിലേക്ക് കൊണ്ടു വരുന്നതിനു വേണ്ടി

ബോധവൽക്കരണ പരിപാടികളും മിൽമ സംഘടിപ്പിക്കുന്നുണ്ട്.

| | |
|---|---|
| സി) മൃഗാശുപത്രികൾ കേന്ദ്രീകരിച്ച്, കോഴി, ആട്, കന്നുകാലികൾ എന്നിവയെ കുറിച്ചുള്ള വിജ്ഞാന കേന്ദ്രം ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ? | സി) മൃഗാശുപത്രികൾ വിജ്ഞാനകേന്ദ്രങ്ങൾ ആണ്. |

സെക്ഷൻ ഓഫീസർ